**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-ആസ്തിവികസനം- പയ്യന്നൂർ നിയോജകമണ്ഡലം-കുന്നരു ടാഗോർ സ്മാരക വായനശാല & ഗ്രന്ഥാലയം ഗ്രൗണ്ട് നിർമ്മാണം -ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1900/19/തസ്വഭവ　　　　　　തിരുവനന്തപുരം, തീയതി :02.09.2019

പരാമർശം- 1. 11/06/2012- തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി)നം. 332/12/ധന.

2. 04/08/2018 ലെ സർക്കാർ ഉത്തരവ് (അ.) നം.119/18/ധന.

3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17 /04/2018 ലെ ഡി.ബി5/1022/17/സിഇ/തസ്വഭവ കത്ത്.

4. 19.06.2019 ലെ സർക്കാർ ഉത്തരവ് (സാധാ.)നം. 4663/2019/ധന.

5. പഞ്ചായത്ത് ഡയറക്ടറുടെ 26/03/2019 ലെ കത്ത് നം.ജെ4/25848/18

**ഉത്തരവ്**

പയ്യന്നൂർ നിയോജക മണ്ഡലം എം.എൽ.എ യായ ശ്രീ.സി. കൃഷ്ണന്റെ 2015-16 ലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കുന്നരു ടാഗോർ സ്മാരക വായന ശാല & ഗ്രന്ഥാലയത്തിന് ഗ്രൗണ്ട് നിർമ്മാണം എന്ന പ്രവർത്തിയ്ക്ക് 40 ലക്ഷം രൂപയുടെ ഭരണാനുമതി നല്കുന്നതിനായി ടി പ്രോജക്ടിന്റെ ഡി.പി.ആർ പരാമർശം (3) ലെ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. കുന്നരു ടാഗോർ സ്മാരക വായന ശാല &ഗ്രന്ഥാലയം രാമന്തളി ഗ്രാമ പഞ്ചായത്തിന്റെ പേരിൽ റജിസ്റ്റർ ചെയ്യുതുകൊണ്ടുള്ള രേഖകളും ഗ്രൗണ്ടിന്റെ വാർഷിക മെയിന്റനൻസ് തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പാക്കും എന്നതിൻമേലുള്ള രാമന്തളി ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവ പരാമർശം (5)ലെ കത്തിലൂടെ പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) പ്രകാരം പയ്യന്നൂർ നിയോജക മണ്ഡലം എം.എൽ.എ യായ ശ്രീ.സി.കൃഷ്ണന്റെ 2015-16 ലെ ആസ്തി വികസന ഫണ്ടിൽ നിന്നു 40 ലക്ഷം രൂപ (നാല്പത് ലക്ഷം രൂപ മാത്രം) വിനിയോഗിക്കാൻ പ്രത്യേക അനുമതി നല്കിയിട്ടുള്ള സാഹചര്യത്തിൽ കുന്നരു ടാഗോർ സ്മാരക വായന ശാല & ഗ്രന്ഥാലയത്തിന് ഗ്രൗണ്ട് നിർമ്മാണം എന്ന പ്രവർത്തിയ്ക്ക് അടങ്കൽ തുകയായ 40 ലക്ഷം രൂപയ്ക്ക് (നാല്പത് ലക്ഷം രൂപ മാത്രം) വകുപ്പ്സംബന്ധമായ നടപടിക്രമങ്ങളും വായന (1) ലെ സർക്കാർ ഉത്തരവും പാലിച്ചുകൊണ്ടു നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3)ആയത് സംബന്ധിച്ച് ചെലവ് '4515-00-800-96-പ്രോജക്ട്സ്അണ്ടർ എൽ.എ.സി.എ.ഡി.എസ്'എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

ശ്രീ. സി.കൃഷ്ണൻ ,എം.എൽ.എ(ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സെക്രട്ടറി രാമന്തളി ഗ്രാമ പഞ്ചായത്ത്

ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/141/2018/ത.സ്വ.ഭ.വ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സി ന്